The Superintendent, Government Presses, Trivandrum.
The Revenue Department (Land Revenue)
The Revenue Department (Land Revenue A)
The Project Department.
The Finance Department.
The Election Department.

# REPORT OF THE COMMITTEE FOR THE REDISTRIBUTION OF VILLAGES AND TALUKS.

## SEPARATE NOTE.

### Note by Sri N. Narayana Kurup and Sri A. V. Joseph.

We are sorry we have to enter a note of dissent concerning the view of some of the members of the Committee to drop the recommendation to form a Ranni Taluk. The Committee has considered the matter in detail at its meetings held on 5-12-1955 and 15-12-1955 and arrived at the definite conclusion that there was scope for the formation of the taluk. At the meeting held on 4-1-1956 it was even decided that Ranni taluk should stand by itself (*i. e.*, with Ranni village alone) with the forest areas handed over or to be handed over. The members of the Committee then conducted a local inspection on 4-1-1956 to fix up the Headquarters. In the circumstances we are at a loss to know the reason for the change of front on the part of our brother members who are for shelving the question.

2. Eraniel and Chengannur taluks with an area of about 80 sq. miles each are proposed to be revived on the main ground that they were taluks in existence before 1097 and that there was public demand for their revival. Kuttanad, Kanjirapalli and Udumbanchola taluks were recommended as new creations. Public demand in the first case and the vastness of area and the possibility of future development in the case of the second and third taluks were the chief considerations.

3. In regard to Ranni we may point out that (1) there is keen public demand for the formation of the taluk and (2) it has vast possibilities of development. The area of the village is 92·5 sq. miles with a population of 82,333 and 18,738 thandapers. The normal basic tax demand is Rs. 56,538 and a sum of Rs. 50,000 per year is obtainable per year as Sanchayam revenue. Considering the administrative difficulties the Committee have already resolved upon its being split up into 6 villages. There are at present 26 karas. In the village there exist as many as 15 High Schools, 25 Middle Schools, 37 Primary Schools, 20 Post Offices and a hundred churches and temples. Several public institutions are located at the place, including a Police Station, Sub Registry office, Block Development office, Forest and Excise Range offices etc., etc. There are 9 public markets, 10 private markets and 5 cattle markets. There is a first class Government dispensary and as many as 15 private Ayurvedic dispensaries.

4. The forest area in Ranni would comprise approximately an extent of 150 sq. miles. At present, about 10 sq. miles have been released to the Revenue Department. Ranni will then have an extent of 102.5 sq. miles. There is the sure possibility that further areas would be ceded from the Forest Department in view of the growing demand for more land for cultivation. Ranni earns several dollars for the State from its hill produce such as Rubber, tea, pepper etc. In the circumstances, Ranni has immense possibilities of further development and can stand comparison with the proposed Kanjirapally or Udumbanchola

taluks. For this purpose it is very necessary that it should be constituted into a taluk with Ranni as Headquarters.

5. It is feared that for the formation of new taluks heavy expenditure has to be met. We would suggest for consideration the idea of placing two of our districts under the charge of one Collector for purposes of administration. Compared to the Madras or Malabar District, our districts are rather small and the proposal to have one I. A. S. Officer for two districts would minimise expenditure. The suggestion may also be considered whether some of the minor departments such as Registration, Co-operation, and Agriculture may not be placed in charge of one I. A. S. Officer. This would curtail expenditure and give suitable and sufficient work for the I. A. S. Officers.

6. We request that Government may be pleased to consider our suggestion to form a Ranni Taluk as early as possible. They should not be carried away by the impression that a *village* is proposed to be enlarged as a Taluk. On the other hand, Ranni, even as a village, has all the requirements of a good taluk, with potentialities for further development.

(Sd.) A. V. JOSEPH. (Sd.) N. NARAYANA KURUP.

**Note by Sri P. S. Nataraja Pillai**

The facts gathered during the course of enquiry and the principles formulated by the Committee for the formation of new Taluk warrant, in my opinion, the creation of Ranni Taluk. The observations in the report about Ranni also lead to this conclusion. The reasons that weighed with the Committee for the formation of Udumbanchola and Kanjirapally Taluks apply with equal force to Ranni area as well.

I think the area comprised in the Ranni Pakuthy with necessary adjustments, should be formed into a Taluk.

(Sd.) P. S. NATARAJA PILLAI.

**Dissenting note by Sri A. V. Joseph, Member of the Taluk Re-organisation Committee.**

I should like to submit this dissenting note against the majority decision in the formation of certain Taluks in the Trichur District.

It has been a long standing grievance of the people of the Villages north of the Periyar River that they may have a Taluk at Ankamali. There is a feeling there, that these villages of the erstwhile Travancore, isolated by the river Periyar from the Taluk Head Quarters, and the rest of the State, were neglected and discarded for the last so many years. So, it was natural that they rightly thought of the formation of these villages into a Taluk as a Panacea for their grievances. The villages of Kothakulangara, Manjapra and Manickamangalam of Kunnathunad Taluk and some villages of Parur Taluk are contiguous areas. After the integration of Travancore and Cochin, the villages of Malayattoor, Chowara, Thekumbhagom, Vadakumbhagom and Kizhakumbhagom of erstwhile Cochin-Kanayannoor Taluk whose Headquarters is at Ernakulam and lying in the midst of erstwhile Travancore Villages on the northern side of Periyar, form a geographical homogeneous unit to constitute a Taluk.

This idea was agitating the minds of the people of those areas for a long time. When I represented that area in the State Legislative Assembly, I had occasions to realise the best of their feelings and sentiments for the realisation of this object. In the present Legislative Assembly also, on many occasions, the members from that side have voiced strongly the demand of the people from that side to get a Taluk for them at Ankamali; and I presume that it was one of the main reasons also for constituting this Committee.

The Legislative Assembly members and the Panchayats of those areas have strongly represented this matter before the Committee. I dare say that in no matter public opinion in these areas is so evident and unanimous than the formation of an Ankamali Taluk. Such a legitimate demand of the public supported by responsible representatives of the people cannot be disregarded. I am therefore strongly of opinion that an Ankamali Taluk should be formed.

Alwaye is rapidly increasing in population and growing in importance. There is a strong public opinion there also for the formation of a new Taluk, with the Headquarters at Alwaye. The desire of the public in these areas is to revive the old Alangad Taluk. I am therefore strongly of opinion for the formation of a new Taluk in Alangad with Alwaye as its Headquarters.

Cochin-Kanayannur Taluk is a very unwieldy Taluk and so, for administrative efficiency, it should be bifercated into two. The principles adopted in the constitution of other Taluks should be accepted in forming the new Taluks in the Trichur District also. The public opinion, general sentiments of the people of the locality, administrative facility and convenience of the people as a whole, should be the motive forces in forming new Taluks. Viewing in this prospective there is no difficulty to carve out six Taluks, namely Kunnathunad, Ankamali, Alwaye, Parur, Kanayannur and Ernakulam from the old Kunnathunad, Parur and Cochin-Kanayannur Taluks.

The following may be the area, population and villages.

I. **Kunnathunad Taluk** with Perumbavoor as Headquarters.
Area—149·56 sq. miles. Population—151055.

NAME OF VILLAGES.

1. Vengola
2. Cheranalloor
3. Perumbavoor
4. Vengoor
5. Asamannoor
6. Rayamangalam
7. Aikaranad
8. Mazhuvannoor
9. Chemananad
10. Vadavucod of Cochin-Kanayannur.

II. **Ankamali Taluk** with Ankamali as Headquarters.
Area—116·14 sq. miles. Population—145288.

NAME OF VILLAGES.

1. Kothakulangara
2. Manjapra
3. Manikkamangalam
4. Malayattoor
5. Chowara
6. Vadakkumbhagom
7. Thekkumbhagom
8. Kizhakkumbhagom
9. Nedumbassery Panchayat area in the Chengamanad Village in the Parur Taluk.

III. **Alangad Taluk** with Alwaye as Headquarters.

Area—86.245 sq. miles. Population—113771.

NAME OF VILLAGES.

1. Alwaye
2. Thrikkakara
3. Kizhakambalam
4. Kunnathunad
5. Vazhakulam
6. Alangad
7. Kadumgalloor in Parur Taluk.

IV. **Parur Taluk** with Parur as Headquarters.

Area—69.51 sq. miles. Population—171354.

NAME OF VILLAGES.

1. Vadakkekara
2. Parur
3. Kottuvally
4. Varapuzha
5. Puthenvelikara
6. Aiyroor
7. Chengamanad Panchayat area in Chengamanad Village
8. Chennamangalam.

V. **Kanayannur Taluk** with Headquarters at Trippunittura.

Area—70.60 sq. miles. Population—1528 91.

NAME OF VILLAGES.

1. Kumbalam
2. Maradu
3. Trippoonithura
4. Thekkumbhagom
5. Nadamel
6. Thiruvankulam
7. Kurikad
8. Kanayannur
9. Mulanthuruthy
10. Amballoor
11. Kuleittikara
12. Keecheri
13. Edakat Vayal
14. Kaipattoor
15. Manakunnam in Vaikom Taluk.

VI. **Ernakulam Taluk** with Ernakulam as Headquarters.

Area—93.00 sq. miles. Population—324514.

NAME OF VILLAGES.

1. Pallippuram
2. Keezhupilly
3. Edavanakad
4. Nayarambalam
5. Kadamakudi
6. Narakal
7. Elamkunnapuzha
8. Mulavukad
9. Mattancherry
10. Palluruthy
11. Kumbalangy
12. Cheranalloor
13. Ernakulam
14. Elankulam
15. Edappally South
16. Edappally North
17. Munambam in Parur Taluk.

The Parur, Ernakulam and Kanayannoor Taluks are coastal regions and so the density of population is so high, and I feel that there is no difficulty in forming the above mentioned Taluks. When accepting these proposals, the Government may work out the financial commitments.

(Sd.) A. V. JOSEPH.

## തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ലാ ഡിപ്പാർട്ടുമെൻറ്.

### പരസ്യം.

എൽ. ഡി. (ബി) 4-49/56/ലാ.

തിരുവനന്തപുരം, 1956 സെപ്റ്റംബർ 10.

1956 സെപ്റ്റംബർ 6-ാംതീയതി അധിനിയമിതമായ താഴെ പ്പറയുന്ന, രാഷ്ട്രപതിയുടെ ആക്റ്റ്, പൊതുജനങ്ങളുടെ അറിവി നായി പ്രസിദ്ധം ചെയ്യുന്നു.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻപ്രകാരം,
പി. നാരായണസ്വാമി,
ഡെപ്യൂട്ടി സെക്രട്ടറി.

## 1956-ലെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ ധനസഹായ (ഭേദഗതി) ആക്റ്റ്.

### 1956-ലെ 1-ാം ആക്റ്റ്.

ഇന്ത്യൻ റിപ്പബ്ലിക്കിൻെറ ഏഴാം സംവത്സരത്തിൽ രാഷ്ട്രപതി നിയമപ്പെടുത്തിയതു്.

### 1952-ലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ സഹായ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

1956-ലെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന നിയമസഭ (അധി കാരം ഏല്പിച്ചുകൊടുക്കൽ) ആക്റ്റ്, (1956-ലെ 29-ാം ആക്റ്റ്) 3-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്, രാഷ്ട്രപതി താഴെക്കാണും പ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും. (1) ഈ ആക്റ്റിനു് 1956-ലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ ധനസഹായ (ഭേദഗതി) ആക്റ്റ് എന്നു് പേർ പറയാം.

(2) ഇതു് 1956 ഏപ്രിൽ 10-ാം തീയതി നടപ്പിൽവന്നതായി കരുതപ്പെടേണ്ടതാണ്.

2. 11-ാം വകുപ്പിൻെറ ഭേദഗതി:— 1952-ലെ, തിരുവിതാം കൂർ-കൊച്ചി സംസ്ഥാന വ്യവസായ സഹായ ആക്റ്റ്, (1952-ലെ 19-ാം ആക്റ്റ്) 11-ാംവകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പ്, (എ) ഖണ്ഡത്തിലെ 1-ാം ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കണം, അതായതു്:—

“എന്നാൽ, ഒരുപ്രകാരമുള്ള യാതൊരു വായ്പയും, അതു് ഏതു വ്യവ സായത്തിനാണോ നൽകപ്പെടുന്നതു് ആ വ്യവസായത്തിൻെറ ആസ്തിയി

മേലും, ചാരജാമ്യമായി മററു വല്ല വസ്തുവും നൽകീട്ടുണ്ടെങ്കിൽ ആ വസ്തുവിന്മേലും, വായ്പയ്ക്ക് അപേക്ഷ ബോധിപ്പിക്കുമ്പോൾ നിലവിലിരിക്കുന്ന വല്ല ബാദ്ധ്യതകളും കുറവു ചെയ്യാതെ അവയ്ക്കു കണക്കാക്കപ്പെടുന്ന വിലയുടെ നിർണ്ണീതശതമാനത്തിൽ കവിയാൻ പാടില്ലാത്തതാകുന്നു; വില നിർദ്ദിഷ്ടരീതിയിൽ ഡയറക്ടർ നിശ്ചയിക്കുന്നതാണ്;

എന്നുതന്നെയുമല്ല, വായ്പ നൽകുന്ന അധികൃതൻ, വ്യവസായത്തിന്റെ ആസ്തിയിന്മേലും, ചാരജാമ്യമായി മററുവല്ല വസ്തുവും നൽകുന്നുവെങ്കിൽ അതിന്മേലും, വായ്പയ്ക്ക് അപേക്ഷിക്കുന്ന കാലത്ത് നിലവിലിരിക്കുന്ന സകല ബാദ്ധ്യതകളും വായ്പയിൽനിന്ന് കൊടുത്തുതീർക്കേണ്ടതും, മുൻപറഞ്ഞ ആസ്തിയിന്മേലും മററു വസ്തുവിന്മേലും ആദ്യബാദ്ധ്യത ഏർപ്പെടുത്തേണ്ടതുമാകുന്നു";

(2) (3)-ാം ഉപവകുപ്പ് വിട്ടുകളയണം.

3. <u>നിർവ്വഹിതമായ കാര്യങ്ങളുടേയും, സ്വീകൃതമായ നടപടിയുടേയും സാധൂകരണം.</u> 1956-ലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ സഹായ (ഭേദഗതി) ഓർഡിനൻസിന്റെ (1956-ലെ I) കാലാവധി അവസാനിച്ചിരുന്നാലും, പ്രസ്തുത ഓർഡിനൻസ് നൽകുന്ന ഏതെങ്കിലും അധികാരം വിനിയോഗിച്ച് നിർവ്വഹിതമായ എന്തെങ്കിലും കാര്യമോ, സ്വീകൃതമായ ഏതെങ്കിലും നടപടിയോ, കാര്യം നിർവ്വഹിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്ത സമയത്ത് ഈ ആക്റ്റ് പ്രാബല്യത്തിലിരുന്നിരുന്നാലെന്നപോലെ, എല്ലാ സംഗതികൾക്കും ഈ ആക്റ്റ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് നിർവ്വഹിക്കുകയോ, സ്വീകരിക്കുകയോ ചെയ്ത കാര്യമോ നടപടിയോ ആയി കരുതപ്പെടേണ്ടതാണ്.

രാജേന്ദ്രപ്രസാദ്,
രാഷ്ട്രപതി.

## അധിനിയമനത്തിനുള്ള കാരണങ്ങൾ.

1952-ലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ സഹായ ആക്റ്റ്, 11-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, ഒരു വ്യവസായത്തിന് നൽകാവുന്ന വായ്പത്തുക, ആ വ്യവസായത്തിന്റെ ആസ്തിയിലും, ചാരജാമ്യമായി നൽകപ്പെട്ടിട്ടുള്ള മററു വസ്തുവിലുമുള്ള സകല ബാദ്ധ്യതകളും കഴിച്ചതിനുശേഷം അവയ്ക്കുള്ള അററവിലയുടെ നിർണ്ണീതശതമാനമായി ക്ലിപ്തപ്പെടുത്തുന്നു. അതേവകുപ്പ്, (3)-ാം ഉപവകുപ്പ്, ബാദ്ധ്യതകൾ തീർക്കാൻ ഗവണ്മെന്റിനെ പ്രാപ്തമാക്കുന്നു.

വ്യവസായത്തിന്റെ ആസ്തിയും, ജാമ്യമായി നൽകുന്ന വസ്തുവും ബാദ്ധ്യതയ്ക്ക് വിധേയമായിരിക്കുമ്പോൾ, നൽകാവുന്ന വായ്പത്തുക, ഗണ്യമായും കുറവു ചെയ്യപ്പെടുമെന്ന് കാണുന്നു; എന്തെന്നാൽ, അത് ബാദ്ധ്യതകൾ കഴിച്ചുള്ള അററവിലയുടെ നിർണ്ണീതശതമാനമായിരിക്കും. എന്നാൽ, അങ്ങനെയുള്ള സന്ദർഭങ്ങളിൽ, വായ്പത്തുക, ആസ്തിയുടേയും ചാരജാമ്യത്തിന്റേയും വിലയിന്മേൽ കണക്കാക്കപ്പെട്ടിരിക്കുകയും, ബാദ്ധ്യതകൾ ആ തുകയിൽനിന്ന് കൊടുത്തുതീർക്കാൻ വ്യവസ്ഥചെയ്യപ്പെട്ടിരിക്കയും ചെയ്യുകയാണെങ്കിൽ വ്യവസായത്തിന്റെ അധീനത്തിലുള്ള

ബാക്കിത്തുക, നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് വ്യവസായത്തിന് ലഭിക്കുന്ന തുകയെക്കാൾ വളരെ കൂടുതലായിരിക്കുന്നതാണ്. ഇത് ഗവണ്മെന്റിന്റെ താല്പര്യങ്ങളെ ബാധിക്കുന്നതുമല്ല. എന്തെന്നാൽ, വായ്പത്തുകയിൽനിന്ന് മുൻബാദ്ധ്യതകൾ കൊടുത്തുതീർക്കപ്പെടുകയാണെങ്കിൽ, അത് ബാദ്ധ്യതകളില്ലാത്ത വസ്തുവിന്മേൽ നിശ്ചിതശതമാനത്തോളമുള്ള ഒരു വായ്പനൽകുന്നതിന് തുല്യമായിരിക്കുന്നതാണ്. ചെറുകിട വ്യവസായങ്ങൾക്ക് സാരമായ സഹായം പ്രാപ്യമാക്കുന്നതിനുവേണ്ടി, ആക്റ്റ് മുൻപ് സൂചിപ്പിച്ചപ്രകാരം ഭേദഗതിചെയ്യുന്നത് ആവശ്യമെന്ന് കരുതുന്നു. ഈ അധിനിയമനം പ്രസ്തുത ലക്ഷ്യം നടപ്പിലാക്കുന്നു.

1956-ലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാന നിയമസഭ (അധികാരം ഏല്പിച്ചുകൊടുക്കൽ) ആക്റ്റ്, 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയനുസരിച്ച് സംഘടിതമായ സമിതി, ഈ നടപടിയുടെ അധിനിയമനത്തെ അംഗീകരിച്ചിട്ടുണ്ട്.

എ. വി. പൈ,
ഇൻഡ്യാഗവണ്മെന്റ് സെക്രട്ടറി,
ആഭ്യന്തരവകുപ്പ് മന്ത്രാലയം.

(A true translation)

P. Damodaran Nair,
*Ag. Head Translator to Government.*

തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ്, നിയമവകുപ്പ്.

പരസ്യം.

എൽ. ഡി. (ബി) 4-3254/56/ലാ.

തിരുവനന്തപുരം, 1956 സെപ്റ്റംബർ 10.

1956 സെപ്റ്റംബർ 6-ാനു- അധിനിയമിതമായ താഴെപ്പറയുന്ന, രാഷ്ട്രപതിയുടെ ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻപ്രകാരം,
പി. നാരായണസ്വാമി,
ഡെപ്യൂട്ടി സെക്രട്ടറി.

1956-ലെ തിരുവിതാംകൂർ-കൊച്ചി കാർഷിക
കീട-രോഗ നിവാരണ (ഭേദഗതി) ആക്റ്റ്.

1956-ലെ 2-ാംനമ്പർ ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ളിക്കിന്റെ ഏഴാം സംവത്സരത്തിൽ
രാഷ്ട്രപതി നിയമപ്പെടുത്തിയതു്.

1955-ലെ, തിരുവിതാംകൂർ-കൊച്ചി കൃഷിസംബന്ധമായ കീടബാധകളെയും, രോഗങ്ങളെയും പററിയുള്ള ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

1956-ലെ, തിരുവിതാംകൂർ – കൊച്ചി സംസ്ഥാന നിയമസഭാ (അധികാരം ഏല്പിച്ചുകൊടുക്കൽ) ആക്റ്റ്, (1956-ലെ 29) 3-ാംവകുപ്പ് നൽകീട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, രാഷ്ട്രപതി താഴെ കാണുംപ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു:—

1. ചുരുക്കപ്പേർ. ഈ ആക്റ്റിനു് 1956-ലെ തിരുവിതാംകൂർ-കൊച്ചി കാർഷിക കീട-രോഗ നിവാരണ (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

2. 2-ാം വകുപ്പിനു് ഭേദഗതി. 1955-ലെ, തിരുവിതാംകൂർ-കൊച്ചി കൃഷി സംബന്ധമായ കീടബാധകളെയും, രോഗങ്ങളെയും പററിയുള്ള ആക്റ്റ് (1955-ലെ 10) (ഇതിനുശേഷം മുഖ്യആക്റ്റ് എന്നു പറയപ്പെടും) 2-ാം വകുപ്പ്, (എ), (ബി), (എഫ്) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കപ്പെട്ട "3-ാം വകുപ്പ്" എന്ന വാക്കുകൾക്കുപകരം "3-ാം വകുപ്പോ, 8 (എ) വകുപ്പോ" എന്ന വാക്കുകൾ ചേർക്കണം.

3. 8എ-എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തൽ. മുഖ്യആക്റ്റ്, 8-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ഉൾപ്പെടുത്തേണ്ടതാണ്, അതായതു്:—

"8എ. അടിയന്തിര സന്ദർഭങ്ങളിൽ നിരോധപരമോ പരിഹാരപരമോ ആയ നടപടികൾ.

G. 3475

(1) 3 മുതൽ 8 വരെ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിളവുകൾക്കോ, സസ്യങ്ങൾക്കോ, വൃക്ഷങ്ങൾക്കോ ഹാനികരമായ ഏതെങ്കിലും ബാധയോ രോഗമോ വല്ല തദ്ദേശത്തും വ്യാപിച്ചിരിക്കുന്നുവെന്നും, അതിനു നിരോധപരമോ പരിഹാരപരമോ ആയ നടപടികൾ സത്വരം സ്വീകരിക്കേണ്ടതാണെന്നും ഗവണ്മെന്റിനു ബോദ്ധ്യമായാൽ, ഗസററിൽ പരസ്യം മൂലം അവർക്കു്—

(എ) ആ ബാധയോ, രോഗമോ, ഒരു കീടബാധയോ സസ്യരോഗമോ ആണെന്നു് പ്രഖ്യാപിക്കുകയും;

(ബി) ആ ബാധയോ, രോഗമോ സംബന്ധിച്ചിടത്തോളം ആവശ്യമെന്നു തോന്നാവുന്ന നിരോധപരമോ പരിഹാരപരമോ ആയ മാർഗ്ഗങ്ങൾ നിർണ്ണയിക്കുകയും;

(സി) ഏതെങ്കിലും സസ്യം ഒരേടത്തുനിന്നു് മററൊരിടത്തേയ്ക്കു് മാററുന്നതിനെ നിരോധിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യുകയും;

(ഡി) അപ്രകാരമുള്ള പരസ്യം ഊർജ്ജിതത്തിലിരിക്കേണ്ടതു് ഏതു് തദ്ദേശപരിധികളിലാണെന്നും എത്ര കാലത്തേയ്ക്കാണെന്നും നിഷ്ചിക്കുകയും;

(ഇ) നിർണ്ണയിക്കപ്പെട്ട പ്രതിരോധപരമോ, പരിഹാരപരമോ ആയ നടപടികൾ സൂചിതപ്രദേശത്തു നടത്തിക്കുവാൻ ഗവണ്മെന്റിനു അധികാരമുണ്ടെന്നു് പ്രഖ്യാപിക്കുകയും ചെയ്യാവുന്നതാണു്.

(2) (1)-ാം ഉപവകുപ്പു് പ്രകാരം പരസ്യം പുറപ്പെടുവിച്ചാൽ, 20-ാം വകുപ്പനുസരിച്ചു് നിയമിക്കപ്പെടുന്ന പര്യവേക്ഷകനു് അധിസൂചിതപ്രദേശത്തിനുള്ളിലുള്ള ഏതു സ്ഥലജലവിഭാഗത്തും പ്രവേശിച്ചു് നിർണ്ണയിക്കപ്പെട്ട പ്രതിരോധപരമോ, പരിഹാരപരമോ ആയ നടപടികൾ നടത്തുകയോ, തന്റെ മേൽനോട്ടത്തിൽ അത്തരം നടപടികൾ നടത്തിക്കുകയോ ചെയ്യുന്നതിനു് അധികാരമുണ്ടായിരിക്കുന്നതാണു്.

(3) (2)-ാം ഉപവകുപ്പനുസരിച്ചു് പ്രതിരോധപരമോ, പരിഹാരപരമോ ആയ ഏതെങ്കിലും നടപടികൾ നടത്തപ്പെട്ടാൽ, ആ നടപടികൾക്കുള്ള ചെലവിലേയ്ക്കു്, ഗസററു് പരസ്യം മൂലം ഗവണ്മെന്റു് നിർണ്ണയിച്ചിട്ടുള്ള ആ ചെലവിന്റെ ശതമാനത്തിൽ കവിയാത്ത ഒരു തുക ഗവണ്മെന്റിൽ അടയ്ക്കുന്നതിനു് കൈവശക്കാരൻ ബാദ്ധ്യസ്ഥനാണു്. കൈവശക്കാരൻ അടയ്ക്കേണ്ട തുക, പര്യവേക്ഷകൻ രേഖാമൂലമുള്ള ഉത്തരവു മുഖേന ക്ലിപ്തപ്പെടുത്തേണ്ടതും, അതിൽ നിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിൽ ആ തുക അടയ്ക്കുന്നതിനു് ആവശ്യപ്പെടേണ്ടതുമാണു്. മേൽപറഞ്ഞപ്രകാരം പണമടയ്ക്കുന്നതിനു കൈവശക്കാരൻ വീഴ്ചവരുത്തിയാൽ അതു് ഭൂനികുതി കുടിശ്ശിക ആയിരുന്നാലെന്നപോലെ അയാളിൽനിന്നു് ഈടാക്കപ്പെടുന്നതാണു്.

(4) (3)-ാം ഉപവകുപ്പിന്റെ കാര്യങ്ങൾക്കു്, പ്രതിരോധപരമോ പരിഹാരപരമോ ആയ നടപടികൾ സംബന്ധിച്ച ചെലവു് കണക്കാക്കുമ്പോൾ, താഴെപ്പറയുന്നവ പരിഗണിക്കപ്പെടേണ്ടതാണു്, അതായതു്:—

(എ) കൂലിക്കാർക്കും, സാധനങ്ങൾക്കും, ഉപകരണങ്ങളുടെ ഉപയോഗത്തിനുമുള്ള ചെലവു്;

(ബി) ഈ ആവശ്യത്തിനു് ഏതെങ്കിലും പ്രത്യേക ജീവനക്കാരെ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച ആനുപാതിക ചെലവു്.

(5) (3)-ാം ഉപവകുപ്പനുസരിച്ച് പര്യവേക്ഷകൻ പാസ്സാക്കിയ ഉത്തരവുമൂലം പീഡിതനാണെന്ന് സ്വയം കരുതുന്ന ഏതൊരു കൈവശക്കാരനും, ഈ ആവശ്യത്തിലേക്ക് ഗവണ്മെന്റ് അധികാരപ്പെടുത്താവുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ പര്യവേക്ഷകന്റെ ഉത്തരവ് പുനഃപരിശോധിക്കുവാൻ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

എന്നാൽ അപ്രകാരമുള്ള യാതൊരപേക്ഷയും—

(എ) കൈവശക്കാരന് ആ ഉത്തരവ് കിട്ടിയ ദിവസം മുതൽ മുപ്പതു ദിവസത്തിനകം അതു സമർപ്പിക്കുകയും;

(ബി) ആവശ്യപ്പെട്ട തുക ആ ഉത്തരവനുസരിച്ച് അടയ്ക്കപ്പെട്ടിരിക്കയും ചെയ്യാത്തപക്ഷം, ബോധിപ്പിക്കാൻ പാടില്ലാത്തതാകുന്നു.

(6) (5)-ാം ഉപവകുപ്പനുസരിച്ച് അപേക്ഷ സമർപ്പിക്കപ്പെട്ട ഉദ്യോഗസ്ഥന്, യുക്തമെന്നു തോന്നുന്ന അന്വേഷണം നടത്തിയശേഷം, പര്യവേക്ഷകന്റെ ഉത്തരവ് സ്ഥിരീകരിക്കുകയോ, വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതും, അദ്ദേഹത്തിന്റെ തീരുമാനം നിർണ്ണായകമായിരിക്കുന്നതുമാണ്.

(7) കൈവശക്കാരൻ അടച്ച തുക, സംശോധിതമായ ഉത്തരവനുസരിച്ച് അടയ്ക്കേണ്ട തുകയേക്കാൾ കൂടുതലാണെങ്കിൽ, അങ്ങനെ കൂടുതലുള്ള തുക അയാൾക്ക് തിരിച്ചു കൊടുക്കേണ്ടതാണ്."

4. <u>10-ാം വകുപ്പിനു ഭേദഗതി.</u> മുഖ്യആക്റ്റ് 10-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ കാണുന്ന, "8-ാം വകുപ്പോ" എന്ന വാക്കിനു പകരം, "8-ാം വകുപ്പോ, 8 എ—വകുപ്പോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

രാജേന്ദ്രപ്രസാദ്,
രാഷ്ട്രപതി.

## ഈ അധിനിയമനത്തിനുള്ള കാരണങ്ങൾ.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് തെങ്ങിന്റെ വേരിനും ഓലയ്ക്കും ബാധിച്ചിട്ടുള്ള രോഗങ്ങൾ സംസ്ഥാനത്തെ തെങ്ങുകൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു; അതുമൂലം കേരവൃക്ഷങ്ങൾ കാലക്രമേണ തിരോഭവിക്കാനിടയുണ്ട്. 50 വർഷങ്ങളായി നിലനിൽക്കുന്ന ഈ രോഗങ്ങൾ സംസ്ഥാനത്തെ 36 താലൂക്കുകളിൽ 22 എണ്ണത്തിലും ഇപ്പോൾ വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ രോഗങ്ങൾ മൂലം വിളവിലുണ്ടായിട്ടുള്ള നഷ്ടം ആണ്ടൊന്നുക്ക് ഏതാണ്ട് രണ്ടു കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ രോഗങ്ങൾ അനിയന്ത്രിതമാണെന്ന് കരുതുന്നപക്ഷം അവ മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിക്കുകയും, തൽഫലമായി സംസ്ഥാനത്ത് തെങ്ങ് കൃഷി തീരെ ഇല്ലാതാകുകയും ചെയ്യാനിടയുണ്ട്.

ഓലരോഗം ഒരു തരം കുമിള് മൂലമുണ്ടാകുന്നതാണെന്ന് ഗവേഷണം തെളിയിച്ചിട്ടുണ്ട്. ബോർഡോമിശ്രം വൃക്ഷത്തിന്റെ മണ്ടയിൽ ആണ്ടിൽ രണ്ടുമൂന്ന് തവണ ക്രമമായി തളിക്കുന്നതായാൽ, ഇത് നിയന്ത്രണാധീനമാക്കാവുന്നതാണ്. വേരുരോഗത്തിന് കാരണമായ ജീവി തിരിച്ചറിയപ്പെട്ടിട്ടില്ലെങ്കിലും, ക്രമാനുഗതമായ ശീകരണം (സ്പ്രേയിംഗ്) മുഖേന ഈ രോഗത്തിന്റെ വളർച്ച തടയാമെന്ന് അനുഭവം വ്യക്തമാക്കുന്നു.

ഈ ആണ്ടത്തെ സംസ്ഥാന ബഡ്ജററിൽ, നാല് ലക്ഷം വൃക്ഷങ്ങൾക്ക് മരുന്നു തളിക്കുന്നതിനുള്ള ഒരു പരിപാടി ഉൾപ്പെടുത്തിയിട്ടുണ്ട്. വൃക്ഷം ഒന്നിന് രണ്ടു ശീകരണം എന്ന നിരക്കിൽ ഈ പരിപാടിമൂലം രണ്ടുലക്ഷം വൃക്ഷങ്ങൾക്കേ ഗുണം കിട്ടാനിടയുള്ളൂ; എന്നാൽ, രോഗബാധിതമായ ആകെ വൃക്ഷങ്ങൾ 70 ലക്ഷം ഉണ്ടെന്നാണ് മതിക്കപ്പെട്ടിരിക്കുന്നതു്.

ഗവണ്മെൻറിൻെറ ഇപ്പോഴത്തെ പരിപാടിക്കു കേവലം പ്രദർശന പരമായ മൂല്യമേ ഉള്ളുവെന്നും, രോഗബാധിതമായ പ്രദേശം മുഴുവനും ക്രമാനുഗതമായ ശീകരണം നടപ്പിലാക്കിയില്ലെങ്കിൽ അടുത്ത പത്തു വർഷത്തിനകം സംസ്ഥാനത്തെ തെങ്ങുകൃഷി പാടെ നശിച്ചേയ്ക്കുമെന്നും കൃഷിക്കാർക്കുവേണ്ടി നിവേദനം നടത്തപ്പെട്ടു. ഈ രോഗത്തിനെതിരായി ഒരു സമരപരിപാടി കൈക്കൊണ്ടില്ലെങ്കിൽ, ഗണ്യമായ എന്തെങ്കിലും ഫലം ഉളവാകുമെന്ന് പ്രത്യാശിക്കേണ്ടതില്ലെന്നു കരുതുന്നു. അതുകൊണ്ട് പൊതുജന നന്മയ്ക്കായി ഗവണ്മെൻറുതന്നെ രോഗബാധിതമായ 70 ലക്ഷം വൃക്ഷങ്ങൾക്കും ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും ശീകരണം നടത്തുന്ന ജോലി ഏറെറടുക്കുകയും, ഈ പരിപാടി മുഖേന പ്രയോജനം സിദ്ധിക്കുന്നവരെ അതിനുള്ള ചെലവിൽ ഒരു ഭാഗം മാത്രം വഹിക്കുന്നതിന് ബാദ്ധ്യസ്ഥരാക്കുകയും ചെയ്യുന്നതു് അത്യാവശ്യമായ കാര്യമാണ്.

ഈ അധിനിയമനം പ്രസ്തുത നിർദ്ദേശം പ്രയോഗത്തിൽ വരുത്തുന്നു.

1956-ലെ, തിരുവിതാംകൂർ–കൊച്ചി സംസ്ഥാന നിയമസഭാ (അധികാരം ഏല്പിച്ചുകൊടുക്കൽ) ആക്ററ് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻെറ ക്ലിപ്തനിബന്ധന അനുസരിച്ച് സംഘടിതമായ സമിതി ഈ നടപടിയുടെ അധിനിയമനത്തെ അംഗീകരിച്ചിട്ടുണ്ട്.

എ. വി. പൈ,
ഇൻഡ്യാ ഗവണ്മെൻറ് സെക്രട്ടറി,
ആഭ്യന്തര വകുപ്പു മന്ത്രി കാര്യാലയം.

(A true translation)

P. Damodaran Nair,
*Ag. Head Translator to Government.*

തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ്

ലാ ഡിപ്പാർട്ടുമെൻറ്.

പരസ്യം.

എൽ. ഡി. (ബി) 4–2920/56/ലാ.

തിരുവനന്തപുരം, 1956 സെപ്റ്റംബർ 10.

1956 സെപ്റ്റംബർ 6-ാംതീയതി അധിനിയമിതമായ താഴെ പറയുന്ന, രാഷ്ട്രപതിയുടെ ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്നു.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻപ്രകാരം,
പി. നാരായണസ്വാമി,
ഡെപ്യൂട്ടി സെക്രട്ടറി.

1956–ലെ, തിരുവിതാംകൂർ – കൊച്ചി പോലീസ് (ഭേദഗതി) ആക്റ്റ്.

1956–ലെ 5–ാം ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ഏഴാം സംവത്സരത്തിൽ രാഷ്ട്രപതി നിയമപ്പെടുത്തിയതു്.

1951–ലെ, തിരുവിതാംകൂർ–കൊച്ചി പോലീസ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

1956–ലെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനനിയമസഭാ (അധികാരം ഏൽപ്പിച്ചുകൊടുക്കൽ) ആക്റ്റ് (1956–ലെ 29), 3–ാംവകുപ്പ് നൽകുന്ന അധികാരങ്ങളംവിനിയോഗിച്ചു് രാഷ്ട്രപതി താഴെക്കാണും പ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു:—

1. ചുരുക്കപ്പേർ. ഈ ആക്റ്റിനു് 1956-ലെ, തിരുവിതാംകൂർ–കൊച്ചി പോലീസ് (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

2. 2–ാംവകുപ്പിൻെറ ഭേദഗതി. 1951–ലെ, തിരുവിതാംകൂർ–കൊച്ചി പോലീസ് ആക്റ്റ് (1952–ലെ 2) (ഇതിനുശേഷം മുഖ്യ ആക്റ്റ് എന്നു പറയപ്പെടും) 2-ാംവകുപ്പ്, (14)-ാം ഖണ്ഡത്തിൽ, പരാമർശിക്കപ്പെട്ട "പോലീസ് അസിസ്റ്റൻറ് സൂപ്രണ്ടന്മാരും" എന്ന വാക്കുകൾക്കുപകരം, "പോലീസ് അസിസ്റ്റൻറ് സൂപ്രണ്ടന്മാരും, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടന്മാരും" എന്ന വാക്കുകൾ ചേർക്കണം.

3. 3–ാംവകുപ്പിൻെറ ഭേദഗതി. മുഖ്യ ആക്റ്റ്, 3–ാംവകുപ്പിൽ, "ഗവണ്മെൻറ് അതാതുകാലം ആജ്ഞാപിക്കുന്ന വിധത്തിൽ അതിലെ മററു വിധത്തിൽ സംഘടിപ്പിക്കേണ്ടതും, അപ്രകാരമുള്ള സൈന്യത്തിലെ അംഗങ്ങൾ ഗവണ്മെൻറ് അതാതു സമയം ആജ്ഞാപിക്കുന്ന ശമ്പളം പററി

ക്കൊള്ളേണ്ടതും ആകുന്നു” എന്ന വാക്കുകൾക്കു പകരം താഴെപറയുന്ന വാക്കുകൾ ചേർക്കണം, അതായത്:—

“ഗവണ്മെൻറ് അതാതുകാലം ആജ്ഞാപിക്കുന്ന രീതിയിൽ അതിനെ മററ് പ്രകാരം സംഘടിപ്പിക്കേണ്ടതും, ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി പോലീസ് കീഴ്‌ദ്യോഗസ്ഥന്മാരുടെ ശമ്പളവും മററെല്ലാ സേവനവ്യവസ്ഥകളും ഗവണ്മെൻറ് അപ്പപ്പോൾ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതുമാണ്”.

4. 4-ാം വകുപ്പിന്റെ ഭേദഗതി. മുഖ്യ ആക്ററ്, 4-ാം വകുപ്പിൽ (1) (2)-ാം ഉപവകുപ്പിനു പകരം താഴെ കാണുന്നതു ചേർക്കണം:—

“(2). ഒരു ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിന്റെ തദ്ദേശാധികാരത്തിൽ ഒട്ടുക്കുള്ള പോലീസ് ഭരണം ഒരു ഡിസ്ട്രിക്ററ് സൂപ്രണ്ടിലും, ഗവണ്മെൻറ് ആവശ്യമെന്നു കരുതുന്നപ്രകാരമുള്ള അസിസ്റ്റൻറ് ഡിസ്ട്രിക്ററ് സൂപ്രണ്ടന്മാരിലും നിക്ഷിപ്തമായിരിക്കുന്നതാകുന്നു”.

(2). (3)-ാം ഉപവകുപ്പ് വിട്ടുകളയണം.

5. 6-ാം വകുപ്പിനു പകരം പുതിയ വകുപ്പു ചേർക്കൽ. മുഖ്യ ആക്ററ്, 6-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പു ചേർക്കണം, അതായത്:—

“6. പോലീസ് കീഴ്‌ദ്യോഗസ്ഥന്മാരെ ഡിസ്മിസ്സ് ചെയ്യുകയോ, സസ്പെൻഡു ചെയ്യുകയോ, തരംതാഴ്ത്തുകയോ ചെയ്യുന്നതു്. ഭരണഘടന, 311-ാം വകുപ്പിലെ വ്യവസ്ഥകൾക്കും, ഈ ആക്ററ് അനുസരിച്ച് ഗവണ്മെൻറ് അപ്പപ്പോൾ നിർമ്മിക്കാവുന്ന ചട്ടങ്ങൾക്കും വിധേയമായി, പോലീസ് ഇൻസ്പെക്ടർ ജനറലിനും, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനും, അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറലിനും, ഡിസ്ട്രിക്ററ് സൂപ്രണ്ടന്മാർക്കും കൃത്യനിർവ്വഹണത്തിൽ വീഴ്ചയോ ഉപേക്ഷയോ കാണിക്കുന്നു എന്നോ, മററുവിധത്തിൽ അതിന് അപ്രാപ്തനെന്നോ തങ്ങൾ കരുതുന്ന, ഏതൊരു പോലീസ് കീഴ്‌ദ്യോഗസ്ഥനേയും ഏതൊരുസമയത്തും, ഡിസ്മിസ്സ് ചെയ്യുകയോ, നീക്കം ചെയ്യുകയോ, സസ്പെൻഡു ചെയ്യുകയോ, അഥവാ താഴ്ന്ന ഉദ്യോഗത്തിലേയ്ക്കോ, ടൈംസ്കെയിലിലേയ്ക്കോ, ടൈംസ്കെയിലിൽ ഒരു താഴ്ന്ന പടിയിലേയ്ക്കോ തരം താഴ്ത്തുകയോ ചെയ്യാവുന്നതും, അപ്രകാരമുള്ള ഏതെങ്കിലും പോലീസുദ്യോഗസ്ഥന്റെ ഉപേക്ഷമൂലമോ ആജ്ഞാലംഘനം മൂലമോ ഗവണ്മെൻറിനു നേരിട്ടിട്ടുള്ള ഏതെങ്കിലും പണനഷ്ടം മുഴുവനായോ ഭാഗികമായോ അയാളുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുവാൻ കല്പന പുറപ്പെടുവിക്കാവുന്നതുമാകുന്നു.”

6. 7-ാം വകുപ്പിന്റെ ഭേദഗതി. മുഖ്യ ആക്ററ്, 7-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട “കീഴ്‌പോലീസുദ്യോഗസ്ഥനും” എന്ന വാക്കുകൾക്കു പകരം, “പോലീസ് കീഴ്‌ദ്യോഗസ്ഥനായി നിയമിക്കപ്പെട്ട ഓരോ ആളും” എന്ന വാക്കുകൾ ചേർക്കണം.

രാജേന്ദ്ര പ്രസാദ്,
രാഷ്ട്രപതി.

## അധിനിയമനത്തിനുള്ള കാരണങ്ങൾ.

താഴെ വിവരിച്ചിട്ടുള്ള കാരണങ്ങളാൽ, 1956-ലെ, തിരുവിതാംകൂർ-കൊച്ചി പോലീസ് (ഭേദഗതി) ആക്ററ്, 1951-ലെ, തിരുവിതാംകൂർ-കൊച്ചി പോലീസ് ആക്ററിനെ ഭേദഗതി ചെയ്യുന്നു.

2. 2-ാംവകുപ്പ്:—1951-ലെ, തിരുവിതാംകൂർ-കൊച്ചി പോലീസ് ആക്ററനുസരിച്ച്, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് എന്ന് ഉദ്യോഗപ്പേരുള്ള യാതൊരു പോലീസ് മേലുദ്യോഗസ്ഥനുമില്ല. മററു സംസ്ഥാനങ്ങളിൽ, സബ്ഡിവിഷനുകളുടെ ചാർജ്ജുവഹിക്കുന്നവരും, ഐ. പി. എസ്സ്. (ഇൻഡ്യൻ പോലീസ് സർവ്വീസ്) കാഡറിൽപ്പെടാത്തവരുമായ ഉദ്യോഗസ്ഥന്മാർക്ക് ഡെപ്യൂട്ടി സൂപ്രണ്ടന്മാർ എന്ന ഔദ്യോഗിക നാമം നൽകപ്പെട്ടിരിക്കുന്നു. ഐ. പി. എസ്സ്. കാഡറിൽപ്പെടാത്ത പോലീസ് അസിസ്റ്റൻറ് സൂപ്രണ്ടന്മാരുടെ ഉദ്യോഗപ്പേര്, മററു സംസ്ഥാനങ്ങളിലെന്നപോലെ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടന്മാർ എന്നു ഭേദപ്പെടുത്തണമെന്ന് ഗവണ്മെൻറു കരുതുന്നു. "പോലീസ് മേലുദ്യോഗസ്ഥൻ" എന്ന വാക്കുകളുടെ നിർവ്വചനത്തിൽ 2-ാംവകുപ്പ് അതനുസരിച്ച് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടന്മാരെക്കൂടി ഉൾപ്പെടുത്തുന്നു.

3. 3-ം, 5-ം വകുപ്പുകൾ:—മുഖ്യ ആക്ററ്, 3-ാംവകുപ്പ്, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പോലീസ്ജീവനക്കാർ ഗവണ്മെൻറ് ആജ്ഞാപിക്കുന്ന ശമ്പളം പററിക്കൊള്ളണമെന്ന് വ്യവസ്ഥചെയ്യുന്നു; മുഖ്യ ആക്ററ്, 6-ാംവകുപ്പ്, പോലീസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന് പോലീസ് ഇൻസ്പെക്ടർ ജനറലിനെയും, താണപടിയിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ശിക്ഷനൽകുന്നതിന് ഇൻസ്പെക്ടർ ജനറലിനെയും അഥവാ അദ്ദേഹം അതിലേയ്ക്ക് നിയോഗിക്കുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനേയും അധികാരപ്പെടുത്തുന്നു. എന്നാൽ, ഭരണഘടന 311-ാം വകുപ്പനുസരിച്ച്, യാതൊരുദ്യോഗസ്ഥനും, അയാളെ നിയമിച്ച അധികാരസ്ഥനു താഴെയുള്ള ഒരധികാരസ്ഥനാൽ ഡിസ്മിസ്സ് ചെയ്യപ്പെടുകയോ, നീക്കം ചെയ്യപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതും, അതുകൊണ്ട് 6-ാംവകുപ്പ്, 311-ാംവകുപ്പിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടത്തക്കവണ്ണം ഭേദഗതി ചെയ്യപ്പെടേണ്ടതുമാകുന്നു.

പോലീസ് ഇൻസ്പെക്ടർ ജനറലിനും, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനും, ഡിസ്ട്രിക്റ്റ് ജനറലിനും, അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറലിനും, ഡിസ്ട്രിക്റ്റ് സൂപ്രണ്ടന്മാർക്കും പോലീസ് കീഴുദ്യോഗസ്ഥന്മാരെ ശിക്ഷിക്കുവാനുള്ള അധികാരമുണ്ടായിരിക്കുകയും, കോൺസ്റ്റബിൾമാരെയും ഹെഡ്കോൺസ്റ്റബിൾമാരെയും നിയമിക്കുവാനുള്ള അധികാരം പോലീസ് ഡിസ്ട്രിക്റ്റ് സൂപ്രണ്ടന്മാരിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യേണ്ട ആവശ്യകതയുണ്ടെന്നുകൂടി കാണുന്നു. കൂടാതെ പോലീസ് കീഴുദ്യോഗസ്ഥന്മാരുടെ ശമ്പളവും, മററു സേവന വ്യവസ്ഥകളും നിയന്ത്രിക്കുവാനുള്ള അധികാരം ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കണമെന്നും വിചാരിക്കുന്നു. ഈ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുവാൻ 3-ം, 5-ം വകുപ്പുകൾ മുഖേന മുഖ്യ ആക്ററ് ഭേദഗതി ചെയ്യപ്പെടുകയും അപ്രകാരം മുഖ്യ ആക്ററിലെ വ്യവസ്ഥകളെ 1859-ലെ മദ്രാസ് ഡിസ്ട്രിക്റ്റ് പോലീസ് ആക്ററിലെ തൽസദൃശവ്യവസ്ഥകളുമായി യോജിപ്പിക്കുകയും ചെയ്തിരിക്കുന്നു.

4. 4-ാംവകുപ്പ്–ഖണ്ഡം (1):—മുഖ്യ ആക്റ്റ് 4 (2)-ാംവകുപ്പനുസരിച്ച് ഒരു ജില്ല, ഒന്നുകിൽ ഒരു ഡിസ്ട്രിക്റ്റ് സൂപ്രണ്ടിന്റെയോ അല്ലെങ്കിൽ ഒരു അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് സൂപ്രണ്ടിന്റെയോ അധികാര പരിധിയിൽപ്പെടാവുന്നതാണ്. [ഒരു ഡിസ്ട്രിക്റ്റ് സൂപ്രണ്ട് എല്ലാപ്പോഴും ഉണ്ടായിരിക്കണമെന്നും, പ്രസ്തുത അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കണമെന്നും ആവശ്യമെങ്കിൽ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് സൂപ്രണ്ടന്മാർ കൂടി ഉണ്ടായിരിക്കാമെന്നും കരുതുന്നു. ഡിസ്ട്രിക്റ്റിലെ ഒരു മജിസ്ട്രേട്ടിന്റെ തദ്ദേശാധികാരാതിർത്തിക്കുള്ള പോലീസ് ഭരണം 1861-ലെ പോലീസ് ആക്റ്റ് (1861-ലെ 5-ാം നമ്പർ) 4-ാംവകുപ്പനുസരിച്ച് ആ മജിസ്ട്രേട്ടിന്റെ പൊതു നിയന്ത്രണത്തിനും നിർദ്ദേശത്തിനും വിധേയമായി ഡിസ്ട്രിക്റ്റ് സൂപ്രണ്ടിലും, സംസ്ഥാന ഗവണ്മെന്റ് ആവശ്യമെന്നു കരുതുന്ന അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് സൂപ്രണ്ടന്മാരിലും] നിക്ഷിപ്തമായിരിക്കുന്നു. മുഖ്യ ആക്റ്റ് 4 (2)-ാംവകുപ്പിനെ, ഇക്കാര്യത്തിൽ കേന്ദ്ര ആക്റ്റ് 4-ാംവകുപ്പുമായി പൊരുത്തപ്പെടുത്തുവാൻ വേണ്ടി, (1)-ാംഖണ്ഡം യഥോചിതം ഭേദഗതി ചെയ്തിരിക്കുന്നു.

ഖണ്ഡം (2):—മുഖ്യ ആക്റ്റ് 4 (3)-ാംവകുപ്പ്, ഇൻസ്പെക്റ്റർ ജനറലിനേയും മററ് പോലീസ് മേലുദ്യോഗസ്ഥന്മാരേയും നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും, ആ ഉദ്യോഗസ്ഥന്മാരെ ഡിസ്മിസ്സ് ചെയ്യുകയോ, സസ്പെൻഡു ചെയ്യുകയോ മററുതരത്തിൽ ശിക്ഷിക്കുകയോ ചെയ്യുവാനുള്ള അധികാരം ഗവണ്മെന്റിനു നല്കുകയും ചെയ്യുന്നു. ഇൻസ്പെക്റ്റർ ജനറലും മററു ചില പോലീസ് മേലുദ്യോഗസ്ഥരും ഐ. പി. എസ്സ്. കാഡറിൽപ്പെട്ടവരാണ്; അവരുടെ നിയമനം, സേവനവ്യവസ്ഥകൾ മുതലായവ ഐ. പി. എസ്സ്. ആഫീസറന്മാർക്ക് ബാധകമാകുന്ന ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. ഐ. പി. എസ്സ്. അല്ലാത്ത ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം, അവരുടെ നിയമനം, സേവനവ്യവസ്ഥകൾ മുതലായവ, 309-ാംവകുപ്പനുസരിച്ച് ഗവണ്മെന്റ് നിർമ്മിക്കുന്ന ചട്ടങ്ങൾ മുഖേന നിയന്ത്രിക്കാവുന്നതാണ്. അതുകൊണ്ട് 4 (3)-ാംവകുപ്പ് നിലനിർത്തുന്നത് ആവശ്യമില്ലെന്ന് വിചാരിക്കുന്നു.

5. 6-ാംവകുപ്പ്:—നിയമിക്കപ്പെടുന്ന ഓരോ പോലീസുദ്യോഗസ്ഥനും, പോലീസ് സൈന്യത്തിൽ ചേർക്കപ്പെട്ടു കൂടുമ്പോൾ, ഇൻസ്പെക്റ്റർ ജനറലിന്റെ മുദ്രകുത്തിയ ഒരു സർട്ടിഫിക്കററ് നൽകപ്പെടുന്നതും ഒരു പോലീസുദ്യോഗസ്ഥന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും വിശേഷാധികാരങ്ങളും അതുമൂലം അയാളിൽ നിക്ഷിപ്തമാകുന്നതുമാണെന്ന് മുഖ്യ ആക്റ്റ് 7-ാംവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രായോഗികമായി ഈ സർട്ടിഫിക്കററ് പോലീസ് കീഴുദ്യോഗസ്ഥന്മാർക്ക് മാത്രമാണ് നൽകപ്പെടുന്നത്. 7-ാംവകുപ്പിലെ വ്യവസ്ഥകൾ നിലവിലുള്ള നടപടിയോട് അനുയോജ്യമാക്കിത്തീർക്കാമെന്നു കരുതുന്നു. മദ്രാസ് ഡിസ്ട്രിക്റ്റ് പോലീസ് ആക്റ്റ് അനുസരിച്ചും സർട്ടിഫിക്കററ് പോലീസ് കീഴുദ്യോഗസ്ഥന്മാർക്ക് മാത്രമേ നൽകപ്പെടുന്നുള്ളൂ. ഇക്കാര്യത്തിലേക്കു മുഖ്യ ആക്റ്റ് 7-ാംവകുപ്പിനെ, പുതിയ ആക്റ്റ് 6-ാം വകുപ്പ് ഭേദഗതി ചെയ്യുന്നു

6. 1956-ലെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന നിയമസഭ (അധികാരം ഏൽപ്പിച്ചുകൊടുക്കൽ) ആക്റ്റ് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയനുസരിച്ച് സംഘടിതമായ സമിതി ഈ നടപടിയുടെ അധിനിയമനത്തെ അംഗീകരിച്ചിട്ടുണ്ട്.

എം. വി. പൈ,
ഇൻഡ്യാഗവണ്മെന്റ് സെക്രട്ടറി,
ആഭ്യന്തരവകുപ്പുമന്ത്രി കാര്യാലയം.

---

(A True translation)

P. DAMODARAN NAIR,
Ag. *Head Translator to Government.*

Gazette No. 40 dated 9th October 1956.

PART I Section iii

പരസ്യം.

എൽ. ഡി. (ബി) 4—3734/56/ലാ.

തിരുവനന്തപുരം, 1956 സെപ്റ്റംബർ 23.

1956 സെപ്റ്റംബർ 21-ാംതീയതി അധിനിയമിതമായ താഴെ പറയുന്ന രാഷ്ട്രപതിയുടെ ആക്റ്റ്, പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധം ചെയ്യുന്നു.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻപ്രകാരം,

ററി. ആർ. ബാലകൃഷ്ണയ്യർ,
സെക്രട്ടറി.

1956-ലെ കൈവശവസ്തു (വിധിനടത്തു നടപടി നിർത്തിവയ്ക്കൽ) രണ്ടാംഭേദഗതി ആക്റ്റ്.

1956-ലെ 6-ാം ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ ഏഴാം സംവത്സരത്തിൽ രാഷ്ട്രപതി നിയമപ്പെടുത്തിയത്.

1950-ലെ, കൈവശവസ്തു (വിധിനടത്തു നടപടി നിർത്തിവയ്ക്കൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

1956-ലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാന നിയമസഭാ (അധികാരം ഏൽപ്പിച്ചു കൊടുക്കൽ) ആക്റ്റ് (1956-ലെ 29-ാം ആക്റ്റ്), 3-ാംവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് രാഷ്ട്രപതി താഴെ കാണുംപ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു.

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 1956-ലെ കൈവശവസ്തു (വിധിനടത്തു നടപടി നിർത്തിവയ്ക്കൽ) രണ്ടാംഭേദഗതി ആക്റ്റ് എന്നു പേർ പറയാം.

2. 4-ാംവകുപ്പിൻെറ ഭേദഗതി.—1950-ലെ, കൈവശവസ്തു (വിധിനടത്തു നടപടി നിർത്തിവയ്ക്കൽ) ആക്റ്റ് (1950-ലെ 8-ാം ആക്റ്റ്), 4-ാംവകുപ്പിൽ കാണപ്പെടുന്ന "ആറുസംവത്സരവും ആറു മാസവും" എന്ന വാക്കുകൾക്ക് പകരം, "ഏഴുസംവത്സരവും ആറുമാസവും" എന്ന വാക്കുകൾ ചേർക്കണം.

രാജേന്ദ്ര പ്രസാദ്,
രാഷ്ട്രപതി.

അധിനിയമനത്തിനുള്ള കാരണങ്ങൾ.

1950-ലെ, കൈവശവസ്തു (വിധിനടത്തു നടപടി നിർത്തിവയ്ക്കൽ) ആക്റ്റ് (1950-ലെ 8-ാം ആക്റ്റ്) അനുവദിച്ചിട്ടുള്ള വിധിനടത്തു നടപടി നിർത്തിവയ്പിൻെറ പ്രയോഗ കാലാവധി 1956 മാർച്ച് 25-ാം തീയതി മുതൽ ആറുമാസത്തേയ്ക്കുകൂടി നീട്ടുന്നതിനായി പ്രസ്തുത ആക്റ്റ് ഒടുവിൽ, 1956 മാർച്ചിൽ ഭേദഗതി ചെയ്യുകയുണ്ടായി. ദീർഘിതമായ ഈ കാലാവധി 1956 സെപ്റ്റംബർ 24-ാംതീയതി അവസാനിക്കുന്നു,

കുടിയായ്മ നിയമത്തെ സമഗ്രമായി ബാധിക്കുന്ന തിരുവിതാംകൂർ–കൊച്ചി വെറുംപാട്ടംദാർബിൽ നിയമസഭയുടെ പരിശോധനയ്ക്ക് വച്ചിരിക്കയായിരുന്നു; എന്നാൽ, സഭ പിരിച്ചുവിടപ്പെട്ടതുകൊണ്ട്, ബില്ലിന്മേൽ നടപടി എടുക്കാൻ സാദ്ധ്യമല്ലാതെ വന്നു. വെറുംപാട്ടംദാർ ബിൽ നിയമപ്പെടുത്തുന്ന പ്രശ്നം ഇപ്പോഴും പരിശോധനയിലിരിക്കുകയാണ്. 1956 സെപ്റ്റംബർ 24-ാം തീയതിക്കു മുമ്പ് അതു സംബന്ധിച്ച് പരമമായ ഒരു തീരുമാനമെടുക്കാനിടയില്ലാത്തതിനാൽ ഈ അധിനിയമം പ്രസ്തുത ആക്റ്റിന്റെ പ്രവർത്തനകാലപരിധിയെ 1956 സെപ്റ്റംബർ 25-ാം തീയതി മുതൽ ഒരു കൊല്ലത്തേയ്ക്കുകൂടി നീട്ടുന്നു.

1956-ലെ, തിരുവിതാംകൂർ–കൊച്ചി സംസ്ഥാന നിയമസഭാ (അധികാരം ഏൽപ്പിച്ചുകൊടുക്കൽ) ആക്റ്റ്, 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയനുസരിച്ച് സംഘടിതമായ സമിതി ഈ അധിനിയമത്തെ അംഗീകരിച്ചിട്ടുണ്ട്.

എം. വി. പൈ,
ഇൻഡ്യാഗവണ്മെന്റ സെക്രട്ടറി,
ആഭ്യന്തരവകുപ്പുമന്ത്രി കാര്യാലയം.

---

(A True translation)

P. DAMODARAN NAIR,
Ag. *Head Translator to Government.*